JANAYUGOM 22.01.2018

# ജൈവ ഉത്പന്നങ്ങൾക്ക് വേണ്ടി കർഷക മിത്ര പദ്ധതി തുടങ്ങും; കൃഷി മന്ത്രി

തൃശൂർ: ജൈവ ഉത്പന്നങ്ങൾ സത്യസന്ധമായി വിൽക്കാനും കർഷകന് ലാഭം കിട്ടുന്നതിനെ വേണ്ടി കർഷക മിത്ര എന്ന ബൃഹത്തായ പദ്ധതി തുടങ്ങുമെന്നും തൃശൂരിൽ ആയിരിക്കും തുടക്കമെന്നും മന്ത്രി വി എസ് സുനിൽകുമാർ. 403 മത് തൃശൂർ അഗ്രി ഹോർട്ടികൾച്ചറൽ സൊസൈറ്റി പുഷ്പോത്സവം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.



തൃശൂർ പുഷ്പോത്സവം മന്ത്രി വി എസ് സുനിൽകുമാർ ഉദ്ഘാടനം ചെയ്യുന്നു

ഉത്പന്നങ്ങൾക്ക് അഞ്ച് രൂപ അധികം കർഷകർക്ക് ലഭിക്കുന്ന രീതിയിൽ സംരംഭ തുടങ്ങും. അടുത്ത വർഷംമുതൽ അത്ഭുതകരമായ മാറ്റം കൃഷി വകുപ്പ് പുഷ്പോത്സവത്തിൽ വരുത്തുമെന്നും മന്ത്രി കൂട്ടിചേർത്തു. ജില്ലാ പഞ്ചായത്ത് പ്രസിഡണ്ട് മേരി തോമസ് അദ്ധ്യക്ഷത വഹിച്ചു. മുൻ മേയർ കെ രാധ കൃഷ്ണണൻ, രാമചന്ദ്രൻ പെരുമ്പിടി, ഡോ ജിജു പി അലകസ്, അബദുൾ മജിദ് പെരുവാംകുഴിയിൽ, ഡോ ദീപ ആനന്ദ്, സെബി ഇരിമ്പൻ, കെ ജി രാമചന്ദ്രൻ തുടങ്ങിയവർ സംസാരിച്ചു